# പതിമൂന്നാം കേരള നിയമസഭ

## എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2745 02.04.2013ൽ മറുപടിയ്ക്ക്

## സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വിജയശതമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്.സലീഖ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വിജയശതമാനം ഉയർത്തുവാൻ എപ്രകാരമുള്ള ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വിജയശതമാനം ഉയർത്തുവാൻ പ്രധാനമായും താഴെപ്പറയുന്ന ആറ് സർക്കാർ ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്).<br><br>(1) G.O.(Rt)No. 217/12/H.Edn. dated 31-01-2012.<br>(2) G.O.(Rt)No. 914/12/H.Edn. dated 18-05-2012.<br>(3) G.O.(Rt)No.2702/12/H.Edn. dated 19-12-2012.<br>(4) G.O.(Rt)No. 44/13/H.Edn. dated 11-01-2013.<br>(5) G.O.(Rt)No. 140/13/H.Edn. dated 31-01-2013.<br>(6) G.O.(Rt)No. 71/13/H.Edn. dated 15-03-2013. |

| | | | |
|---|---|---|---|
| (ബി) | ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് കർശനമായി പാലിച്ചാൽ എത്ര സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ 2013-14 അധ്യയനവർഷം പ്രവേശനം നടത്താൻ സാധിക്കാതെ വരുമെന്നാണ് കണക്കാക്കുന്നത്; ഇപ്രകാരമുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2015-16 അധ്യയന വർഷം മുതൽ നിശ്ചിത വിജയ ശതമാനം ഇല്ലാത്ത സ്വാശ്രയ കോളേജുകൾക്ക് അവരുടെ കോഴ്സുകൾ തുടർന്ന് നടത്തുവാൻ അനുവാദം നൽകുന്നതല്ല. |
| (സി) | പ്രസ്തുത ഉത്തരവ് ഇറക്കിയതിനുശേഷമുള്ള സ്വാശ്രയ എൻജിനീയറിംഗ് മാനേജ്മെന്റുകളുടെ നിലപാടുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തണം എന്നാണ് മാനേജ്മെന്റുകളുടെ നിലപാട്. ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഓരോ കോളേജും സ്വീകരിച്ച നടപടികൾ 6 മാസത്തിലൊരിക്കൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. |
| (ഡി) | പത്ത് ശതമാനത്തിൽ താഴെ മാത്രം പരീക്ഷ പാസ്സാകുന്ന ബി.ടെക് വിദ്യാർത്ഥികൾ പഠിക്കുന്ന എത്ര സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു; അവ ഏതെല്ലാം; വിശദമാക്കുമോ; | (ഡി) | അവസാന വർഷത്തിൽ പത്ത് ശതമാനത്തിൽ താഴെ മാത്രം വിജയ ശതമാനമുള്ള കോളേജുകൾ സംസ്ഥാനത്ത് ഇല്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ